# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 23**

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്***

**കർത്താവിൽ പ്രിയരെ,**

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിൽ സഭാ ശുശ്രൂഷ നിർവ്വഹണത്തിൽ മെത്രാപ്പോലീത്തായെ സഹായിക്കുന്നതിനായി സഫ്രഗൻ മെത്രാപ്പോലീത്തായെ നിയമിക്കുന്ന പാരമ്പര്യം തീത്തൂസ് ഒന്നാമൻ മെത്രാപ്പോലീത്താ തിരുമേനിയുടെ കാലം മുതൽ ഉണ്ടായിരുന്നു. എന്നാൽ ഒന്നിലധികം എപ്പിസ്കോപ്പാമാർ ഉണ്ടായിരുന്ന കാലഘട്ടത്തിൽ ആ പതിവ് തുടരാതെ എപ്പിസ്കോപ്പാമാർ എന്ന നിലയിൽ അറിയപ്പെട്ടിരുന്നു. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പായുടെ കാലഘട്ടത്തിനുശേഷം ആ പതിവ് പിന്തുടർന്നു. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനി 3 എപ്പിസ്കോപ്പാമാരിൽ സീനിയർ ആയിരുന്ന അലക്സാണ്ടർ മാർ തിയോഫിലസ് എപ്പിസ്കോപ്പായെ സഫ്രഗൻ മെത്രാപ്പോലീത്തായായി നിയമിച്ചു. 1978 മുതൽ 2 സഫ്രഗൻ മെത്രാപ്പോലീത്താമാർ സഭയിൽ ഉണ്ടായിരിക്കുന്ന കീഴ്നടപ്പ് നിലവിൽ വന്നു. തോമസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ കാലശേഷം അലക്സാർ മാർത്തോമ്മാ മെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്തായെ Officiating മെത്രാപ്പോലീത്തായായി ചുമതലകൾ ഏൽപ്പിച്ചതോടൊപ്പം ജോസഫ് മാർ ഐറേനിയസ് എപ്പിസ്ക്കോപ്പായേയും സഫ്രഗൻ മെത്രാപ്പോലീത്തായായി നിയമിച്ചു. തുടർന്ന് 2004–ൽ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ സഖറിയാസ് മാർ തെയോഫിലസ് എപ്പിസ്കോപ്പായെ സഫ്രഗൻ മെത്രാപ്പോലീത്തായായി നിയമിച്ചു. തുടർന്ന് അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ 2015–ൽ ഗീവർഗീസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പായെയും 2020 ജൂലൈ 12–ന് നമ്മെയും സഫ്രഗൻ മെത്രാപ്പോലീത്താമാരായി നിയമിക്കുകയുണ്ടായി.

സഭാ ഭരണഘടനപ്രകാരം 2021 ജൂലൈ 16–ാം തീയതി കൂടിയ ബഹു. എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം നമ്മുടെ അഭിവന്ദ്യരായ ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്ക്കോപ്പായെയും ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പായെയും സഫ്രഗൻ മെത്രാപ്പോലീത്താമാരായി 2021 ജൂലൈ 19–ാം തീയതി മുതൽ നിയമിക്കുന്നു. നിയോഗ ശുശ്രൂഷ തിരുവല്ലാ പൂലാത്തീൻ അരമന ചാപ്പലിൽ വച്ച് 2021 ജൂലൈ 18–ാം തീയതി രാവിലെ 9 മണിക്കുള്ള വിശുദ്ധ കുർബാന മദ്ധ്യേ നടത്തപ്പെടുന്നതാണ്. തദ്ദവസരത്തിൽ മദ്രാസ് മാർത്തോമ്മ (ചെട്ട്പെട്ട്) ഇടവക വികാരിയായ റവ. ജോർജ്ജ് മാത്യുവിന്റെ വികാരി ജനറാൾ നിയോഗ ശുശ്രൂഷയും നടത്തപ്പെടുന്നതാണ്. ശുശ്രൂഷകൾ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുള്ളതായിരിക്കുകയും സഭയുടെ വെബ് സൈറ്റിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും വെബ്കാസ്റ്റ് ചെയ്യുന്നതുമാണ്.

ചുമതല ഏൽക്കുന്ന സഫ്രഗൻ മെത്രാപ്പോലീത്താമാർക്കും വികാരി ജനറാൾ അച്ചനും ദൈവത്തിൽ നിന്ന് അനവരതമായ കൃപ ലഭിക്കേണ്ടതിനായി ഏവരുടേയും പ്രാർത്ഥന ആവശ്യപ്പെടുന്നു. കാലഘട്ടത്തിന്റെ ആവശ്യങ്ങളും വെല്ലുവിളികളും മനസ്സിലാക്കി കർത്താവിന്റെ തിരുശരീരമായ സഭയുടെ വിശ്വസ്ത ശുശ്രൂഷകരായി പ്രവർത്തിക്കുന്നതിന് ദൈവം നമ്മെ ശക്തീകരിക്കട്ടെ.

നമ്മുടെ കർത്താവിന്റെ കൃപ നാം ഏവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പുലാത്തീനിൽ നിന്നും 2021 ജൂലൈ 17–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**